©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഒക്ടോബർ 30<br>30th October 2018<br>1194 തുലാം 13<br>13th Thulam 1194<br>1940 കാർത്തികം 8<br>8th Karthika 1940 | നമ്പർ<br>No. | 43 |

## PART III

# Commissionerate of Land Revenue

## Punalur Taluk

പരസ്യം

നമ്പർ ജി2-9026/2018. 2018 ഒക്ടോബർ 3.

പുനലൂർ താലൂക്കിൽ കരവാളൂർ വില്ലേജിൽ ഗിൽഗാൽ കോട്ടേജിൽ ധർമ്മക്കൺ, യു. 24-8-2018-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. വസ്തുസംബന്ധമായ ആവശ്യങ്ങൾക്കും മറ്റ് ഇതര ആവശ്യങ്ങൾക്കുമായി അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ മകൻ അനോക് പ്രിൻസ്റ്റൺ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്നറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ജലജ ധർമ്മക്കൺ | ഭാര്യ | 46 |
| 2 | അനോക് പ്രിൻസ്റ്റൺ | മകൻ | 28 |
| 3 | ഹെഫ്സിബ, റ്റി. | മകൾ | 25 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആയതിനാൽ 1 മുതൽ 3 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പുനലൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖകൾ സഹിതം ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പുനലൂർ. തഹശീൽദാർ.

## PATHANAMTHITTA DISTRICT

### പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: പി. ബി. നൂഹ് ഐ. എ. എസ്.)

(1988-ലെ മോട്ടോർ വാഹന നിയമം വകുപ്പ് 115 പ്രകാരം പുറപ്പെടുവുക്കുന്നത്)

നമ്പർ DCPTA/5115/2018-B3. 2018 ഒക്ടോബർ 8.

വിഷയം :—ജില്ലയിലെ ടിപ്പർ ലോറികളുടെയും ടിപ്പർ മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത നിയന്ത്രണം—ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:—(1) സ. ഉ. (പി.) നമ്പർ 13/2014/ഗത തീയതി 17-2-2014.

(2) സ. ഉ. (സാധാ) നമ്പർ 256/2018/ഗതാഗതം തീയതി 5-6-2018.

(3) ജില്ലാ പോലീസ് മേധാവി, പത്തനംതിട്ടയുടെ 30-7-2018-ലെ D (a)-40748/2016/N നമ്പർ കത്ത്.

(4) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പത്തനംതിട്ടയുടെ 13-7-2018-ലെ എ5/5000/2018/പി. റ്റി. എ. നമ്പർ കത്ത്.

(5) തിരുവല്ല നഗരസഭയുടെ 13-2-2017-ലെ കൗൺസിൽ യോഗ തീരുമാനം.

ടിപ്പർ ലോറികളുടെയും ടിപ്പർ മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗതം രാവിലെ 9 മുതൽ 10 മണി വരെയും വൈകുന്നേരം 4 മുതൽ 5 മണി വരെയും സൂചന (1) പ്രകാരം നിരോധിച്ച് സംസ്ഥാന സർക്കാർ ഉത്തരവായിരുന്നു. എന്നാൽ തിരുവല്ല നഗരസഭയിൽ സ്കൂളുകളുടെ സമയം രാവിലെ 9 മുതൽ വൈകുന്നേരം 3.30 മണി വരെ ആയതിനാൽ ടി വാഹനങ്ങളുടെ നിയന്ത്രണം രാവിലെ 8.30 മുതൽ 10 മണി വരെയും വൈകുന്നേരം 3 മുതൽ 4.30 വരെയും ആക്കണമെന്ന് സൂചന (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ടി വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും പ്രാദേശിക സാഹചര്യം പരിഗണിച്ച് ടിപ്പർ ലോറികളുടെയും ടിപ്പർ മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗത സമയം നിശ്ചയിക്കുന്നതിനുള്ള ചുമതല, സൂചന (2) പ്രകാരം അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും ആണ്. സ്കൂൾ കുട്ടികളുടെയും ജനങ്ങളുടെയും സുരക്ഷ കണക്കിലെടുത്ത് ജില്ലയിലെ ടി വാഹനങ്ങളുടെ സമയക്രമം നിശ്ചയിക്കുന്നതിലേക്ക് ജില്ലാ പോലീസ് മേധാവി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരോട് അഭിപ്രായം ആരായുകയും യഥാക്രമം സൂചന (3), (4) പ്രകാരം വിശദമായ റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതുമാണ്.

പത്തനംതിട്ട ജില്ലയിലെ പ്രാദേശിക സാഹചര്യം പരിഗണിച്ചും ജില്ലാ പോലീസ് മേധാവി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് 1988-ലെ മോട്ടോർ വാഹന നിയമം വകുപ്പ് 115 പ്രകാരം ജില്ലാ മജിസ്ട്രേറ്റുകൂടിയായ ഞാൻ ചുവടെ ചേർക്കുംപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

സ്കൂൾ കുട്ടികളുടെയും ജനങ്ങളുടെയും സുരക്ഷ കണക്കിലെടുത്ത് പത്തനംതിട്ട ജില്ലയിൽ ടിപ്പർ ലോറികളുടെയും ടിപ്പർ മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ഗതാഗതം രാവിലെ 8.30 മുതൽ 10 മണിവരെയും വൈകുന്നേരം 3 മുതൽ 4.30 മണി വരെയും നിരോധിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഉത്തരവ് നടപ്പിലാക്കുന്നതിന് ജില്ലാ പോലീസ് മേധാവി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും നിയമം ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച് കീഴുദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

കളക്ടറേറ്റ്, (ഒപ്പ്)
പത്തനംതിട്ട. ജില്ലാ കളക്ടർ.